"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.68/2023/AGRI തീയതി,തിരുവനന്തപുരം, 31-07-2023**

---

പരാമർശം:- (1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട് സമർപ്പിച്ച അപേക്ഷ ഉള്ളടക്കം ചെയ്ത ലക്കിടി പേരൂർ കൃഷി ഓഫീസറുടെ 18.01.2020-ലെ എൽ.കെ.പി-23/2019-20 നമ്പർ കത്ത്.

(2) 16.07.2021-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

(3) 20.10.2021-ലെ AGRI-NCA2/72/2020-AGRI നമ്പർ സർക്കാർ കത്ത്.

(4) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.2.2023-ലെ CEPWD/524/2022-AB3-BR നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 196.46 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പരിശോധിക്കുകയും, കാർഷിക, പരിസ്ഥിതി, ജലവിഭവ മാനേജ്മെന്റ്, പക്ഷി ആവാസവ്യവസ്ഥ എന്നിവയ്ക്കുള്ള ഹാനി കാരണങ്ങളാൽ നിർദ്ദിഷ്ട പരിവർത്തനം ആശാസ്യമല്ല എന്ന് സമിതി നിരീക്ഷിച്ചതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. സംസ്ഥാനതല സമിതിയുടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ 196.46 സെന്റ് കൃഷി ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷ പരാമർശം (3) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. എന്നാൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ കൃഷി ഭൂമിയുടെ

നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് മുമ്പ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടെന്നും ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് e-pmg portal-ൽ പദ്ധതിയുടെ വിശദവിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത പാലത്തിന്റെ മറുവശത്ത് അതായത് പെരിങ്ങോട്ടുകുറിശ്ശി-II വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ചറായി പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവലിൻകടവ് പാലവും റെയിൽവെ മേൽപ്പാലവും കൂടിയുള്ള പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് റ്റി.ജി.ഡി (ടെക്നിക്കൽ ഗൈഡൻസ് ഡോക്യുമെന്റ്) ലഭ്യമായിട്ടുണ്ടെന്നും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിന് ആവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 സെന്റ് കൃഷി ഭൂമി പാലത്തിന്റെ പണി നടക്കുന്ന സമയത്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സ്പേസ് ആവശ്യമാണെങ്കിലും എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാന്റ് സ്പാൻ, പില്ലർ ഫൂട്ടിംഗ് എന്നിവയ്ക്ക് ആവശ്യമായ ഉദ്ദേശം 90 സെന്റ് ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം സംസ്ഥാന തല സമിതി പരാമർശിച്ച പ്രയാസങ്ങൾ മറികടക്കാനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

( എ) നെൽവയലായിട്ടുള്ള ഭൂമിയിൽ പാലം/അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും തൂണുകളും ഡക്ക് സ്ലാബ് ഉപയോഗിച്ചും മാത്രം ആയിരിക്കേണ്ടതാണ്.

(ബി) പാലം / അപ്രോച്ച് റോഡിന്റെ തൂണുകളുടെ നിർമ്മാണത്തിനാവശ്യമായ അടിത്തറ വേണ്ട പ്രദേശത്ത് മാത്രമേ തരം മാറ്റം അനുവദിക്കുകയുള്ളൂ.

(സി) കാർഷിക യന്ത്രസാമഗ്രികൾ സ്വതന്ത്രമായി കടന്നു പോകുന്നതിനുള്ള വേണ്ടത്ര വെർട്ടിക്കൽ ക്ലിയറൻസ് പാലം/അപ്രോച്ച് റോഡിന്റെ വിന്യാസത്തിലുടനീളം ഉണ്ടാകേണ്ടതാണ്.

(ഡി) തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പ്രകാരം അനുശാസിക്കുന്ന മറ്റു നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

4. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നുള്ളത് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്തു വിഭാഗം, പാലക്കാട്.

ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവകലാശാല, തൃശ്ശൂർ.

ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്.

കൃഷി ഓഫീസർ, ലക്കിടി പേരൂർ കൃഷി ഭവൻ, പാലക്കാട്.

വില്ലേജ് ഓഫീസർ, ലക്കിടി പേരൂർ, പാലക്കാട്.

പൊതുഭരണ (എസ്.സി) വകുപ്പ് [26.07.2023 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം.നമ്പർ. 1670]

വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന്]

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ. നം.AGRI-NCA2/72/2020-AGRI]

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 01-07-2023 16:18:46

പകർപ്പ്: ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കാർഷികോൽപ്പാദന കമ്മീഷണർ/കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-07-2023

ഫയൽ നം. കൃഷി-എൻ.സി.എ2/72/2020/കൃഷി. ഇനം നം: 1670

വിഷയം : കൃഷി വകുപ്പ് - പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവളിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതുആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് നൽകുന്നത് - അനുമതി - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

1670

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | കൃഷി-എൻ.സി.എ 2/72/2020-കൃഷി |
| 2 | വകുപ്പ് | : | കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : | പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവളിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതുആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് നൽകുന്നത് അനുമതി സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26/06/2023 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി വി.എൽ. ബീന. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് . | : | ശ്രീ.സാബിർ ഹുസൈൻ |
| 9 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ബി.അശോക് |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.07.2023 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.07.2023 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.പ്രസാദ് |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.07.2023 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.07.2023 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവളിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നിലം പൊതു ആവശ്യം എന്ന മാനദണ്ഡത്തിൽ ഉൾപ്പെടുത്തി പരിവർത്തനപ്പെടുത്തുന്നതിന് സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് മന്ത്രിസഭാ അനുമതി നൽകുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. 16/07/2021-ൽ കൂടിയ സംസ്ഥാനതല സമിതി ഈ വിഷയം പരിശോധിച്ച് താഴെപ്പറയും പ്രകാരം റിപ്പോർട്ടു ചെയ്തിരുന്നു:

"പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവളിൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്തുന്നതിന് പാലത്തിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ അപേക്ഷ വിശദമായി പരിശോധിച്ചു ഇരിപ്പുകൃഷി ചെയ്യുന്ന സ്ഥലം പരിവർത്തനപ്പെടുത്തിയാൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നതും, ജലസംഭരണി ആയതിനാൽ നികത്തപ്പെടുന്നത് ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇട വരുത്തും എന്നും, ടി പ്രദേശം പാരിസ്ഥിതിക പ്രാധാന്യമുള്ളതും ഭൂമി ശാസ്ത്രപരമായി ശുദ്ധജല സംഭരണികളായി നിലകൊള്ളേണ്ടതും മഴനിഴൽ പ്രദേശമാണെന്നും, മൺസൂൺ കാലങ്ങളിൽ മഴകൊയ്ത്ത് പ്രദേശമാണെന്നും ഇത്തരത്തിൽ ഭൂഗർഭ ജല സ്രോതസ്സ് വർദ്ധിപ്പിച്ച് നിലകൊള്ളുന്നതിലാണ് സമീപ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെട്ടിട്ടും ശുദ്ധ ജല ലഭ്യത ഉറപ്പാക്കുന്നതെന്നും, പ്രസ്തുത നിലം പാരിസ്ഥിതിക വ്യവസ്ഥയുടേയും ആവാസ വ്യവസ്ഥയുടേയും പല ജൈവ ഘടകങ്ങളുടേയും ഒന്നാണെന്നും ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്വർ ആന്റ് നാച്വറൽ റിസോഴ്സ്സ് എന്ന സംഘടനയിലെ 'റെഡ് ലിസ്റ്റിൽ ഉൾപ്പെട്ട പ്രത്യേകതരം പക്ഷികളുടെ പലതരം സ്പീഷീസ് കാണപ്പെടുന്ന പ്രദേശമാണെന്നും ബോധ്യപ്പെട്ടു. ഇത്തരത്തിൽ ജല–സുരക്ഷ പാരിസ്ഥിതിക ജൈവ വൈവിദ്ധ്യ മാനദണ്ഡങ്ങളിൽ പ്രസ്തുത പ്രദേശം അത്യധികം പ്രാധാന്യമർഹിക്കുന്ന

പ്രദേശമാണെന്നും, യാതൊരു തരത്തിലുള്ള പരിവർത്തനങ്ങളും പ്രസ്തുത പ്രദേശത്ത് അനുവദനീയമല്ലെന്നും മാറ്റങ്ങൾ ദൂരവ്യാപകമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും പ്രദേശത്തെ എന്നന്നേക്കുമായി ഇല്ലാതാക്കുമെന്നും സമിതി നിരീക്ഷിച്ചതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന സമിതിയുടെ തീരുമാനം സർക്കാരിലേക്കു റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചു"

3. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടിപ്പേരൂർ -2 വില്ലേജിൽ 196.46 സെന്റ് കൃഷി ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷ സർക്കാർ നിരസിക്കുകയുണ്ടായി. എന്നാൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി- പേരൂർ -2 വില്ലേജിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ കൃഷി ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് മുമ്പ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം നിലവിലുണ്ടെന്നും ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് e-pmg portal-ൽ പദ്ധതിയുടെ വിശദവിവരങ്ങൾ അപ്-ലോഡ് ചെയ്തിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത പാലത്തിന്റെ മറുവശത്ത് അതായത് പെരിങ്ങോട്ടുകുറിശ്ശി-II വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ചറായി പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ടു ചെയ്തു.

4. പരിവർത്തനം നടത്തുന്ന വിസ്തൃതി കുറച്ച് എലിവേറ്റഡ് സ്ട്രക്ചർ പ്ലാൻ സമർപ്പിക്കുന്നപക്ഷം പരിവർത്തനത്തിനുള്ള അനുമതി നല്കുന്നത് പരിഗണിക്കാം എന്ന് ഈ വിഷയത്തിൽ ബഹു. കൃഷി വകുപ്പ് മന്ത്രി ഒരു സബ്മിഷനു മറുപടിയായി നിയമസഭയെ അറിയിക്കുകയുണ്ടായി. തുടർന്ന് പെരുങ്ങോട്ടുകുറിശ്ശി-2 വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ചറായി ഞാവളിൻകടവ് പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയതുപോലെ ലക്കിടി പേരൂർ വില്ലേജിൽ അത്തരത്തിലൊരു എലിവേറ്റഡ് സ്ട്രക്ചർ പ്ലാൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയ്ക്ക് കുറുകെ

ഞാവലിൻകടവ് പാലവും റെയിൽവെ മേൽപ്പാലവും കൂടിയുള്ള പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് റ്റി.ജി.ഡി (ടെക്നിക്കൽ ഗൈഡൻസ് ഡോക്യുമെന്റ്) ലഭ്യമായിട്ടുണ്ടെന്നും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ-2 വില്ലേജിൽ പ്രസ്തുത പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിന് ആവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 സെന്റ് കൃഷി ഭൂമി പാലത്തിന്റെ പണി നടക്കുന്ന സമയത്ത് പ്രവൃത്തി ചെയ്യുന്നതിനുള്ള സ്പേസ് ആവശ്യമാണെങ്കിലും എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാന്റ് സ്പാൻ, പില്ലർ ഫൂട്ടിംഗ് എന്നിവയ്ക്ക് ആവശ്യമായ ഉദ്ദേശം 90 സെന്റ് ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ റിപ്പോർട്ട് പരിശോധിച്ചതിൽ ഏകദേശം 90 സെന്റ് നെൽവയൽ മാത്രം പരിവർത്തനപ്പെടുത്തേണ്ടതും കൂടാതെ പ്രസ്തുത പാലത്തിന്റെ മറുവശത്ത് അതായത് പെരിങ്ങോട്ടുകുറിശ്ശി-2 വില്ലേജിൽ എലിവേറ്റഡ് സ്ട്രക്ച്ചറായി പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാലും സംസ്ഥാനതലസമിതി റിപ്പോർട്ട് മറികടന്ന് 2008-ലെ നിയമത്തിലെ വകുപ്പ് 10 പ്രകാരം നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കണം എന്ന വ്യവസ്ഥയിൽ അനുമതി നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ നെൽവയലായിട്ടുള്ള ഭൂമിയിൽ പാലം/അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും തൂണുകളും ഡക്ക് സ്ലാബ് ഉപയോഗിച്ചും മാത്രം ആയിരിക്കണമെന്നും ആയതിലേയ്ക്കായി തൂണുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾക്ക് മാത്രം തരം മാറ്റം അനുവദിക്കാവുന്നതും അപ്രോച്ച് റോഡിന്റെ വിന്യാസം വരുന്ന ബാക്കി നെൽവയലിൽ തരം മാറ്റം പാടില്ല എന്നും കാർഷിക യന്ത്ര സാമഗ്രികൾക്ക് കടന്നു പോകുന്നതിനുള്ള വെർട്ടിക്കൽ ക്ലിയറൻസ് പാലം/അപ്രോച്ച് റോഡിന്റെ വിന്യാസത്തിലുടനീളം ഉണ്ടാകണമെന്നുള്ള വ്യവസ്ഥയിൽ അപേക്ഷ തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കാവുന്നതാണ് എന്ന കുറിപ്പോടുകൂടി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

6. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ 2 വില്ലേജിൽ ഞാവളിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചർ ആയി നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന 90 സെന്റ് നെൽവയൽ പൊതു ആവശ്യത്തിനായി സംസ്ഥാനതല സമിതി റിപ്പോർട്ട് മറികടന്ന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനാനുമതി നൽകാമോ

1. നെൽവയലായിട്ടുള്ള ഭൂമിയിൽ പാലം/അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായും തൂണുകളും ഡക്ക് സ്ലാബ് ഉപയോഗിച്ചും മാത്രം ആയിരിക്കേണ്ടതാണ്.
2. പാലം / അപ്രോച്ച് റോഡിന്റെ തൂണുകളുടെ നിർമ്മാണത്തിനാവശ്യമായ അടിത്തറ വേണ്ട പ്രദേശത്ത് മാത്രമേ തരം മാറ്റം അനുവദിക്കുകയുള്ളൂ
3. കാർഷിക യന്ത്രസാമഗ്രികൾ സ്വതന്ത്രമായി കടന്നു പോകുന്നതിനുള്ള വേണ്ടത്ര വെർട്ടിക്കൽ ക്ലിയറൻസ് പാലം/അപ്രോച്ച് റോഡിന്റെ വിന്യാസത്തിലുടനീളം ഉണ്ടാകേണ്ടതാണ്.
4. തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകൾ പ്രകാരം അനുശാസിക്കുന്ന മറ്റു നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നുള്ളത് പാലക്കാട് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.